ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**DATE : 04.10.2023** **TIME : 06.30 PM**

## പ്രധാന വാർത്തകൾ

1. ഉജ്വല യോജന ഗുണഭോക്താക്കൾക്കുള്ള പാചകവാതക സബ്സിഡി 200-ൽ നിന്നും 300 രൂപയായി വർദ്ധിപ്പിക്കാൻ കേന്ദ്ര മന്ത്രിസഭാ തീരുമാനം.

2. വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അന്തിമാനുമതി നൽകാത്ത കരാറുകൾ പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെടാൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു.

3. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കോഴിക്കോട് നാളെ നടക്കുന്ന മേഖലാതല അവലോകനയോഗത്തിനുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായി.

4. രസതന്ത്രത്തിനുള്ള നൊബേൽ പുരസ്കാരം മൂന്ന് ശാസ്ത്രജ്ഞർ പങ്കിട്ടു.

5. ഹാൻചൗ ഏഷ്യൻ ഗെയിംസിൽ 18 സ്വർണ്ണം നേടി ഉജ്ജ്വല പ്രകടനവുമായി ഇന്ത്യ. ജാവലിൻ ത്രോയിൽ നീരജ് ചോപ്രയ്ക്ക് സ്വർണ്ണം.

6. ഐ.സി.സി ഏകദിന ലോകകപ്പ് ക്രിക്കറ്റ് മത്സരങ്ങൾക്ക് നാളെ തുടക്കം.

**************************

## ഹെഡ് ലൈൻ-1

**കേന്ദ്രമന്ത്രിസഭ**

ഉജ്വല യോജന ഗുണഭോക്താക്കൾക്കുള്ള പാചകവാതക സബ്സിഡി **300** രൂപയായി വർദ്ധിപ്പിക്കാൻ കേന്ദ്രമന്ത്രിസഭാ തീരുമാനം. നിലവിൽ **200** രൂപയായിരുന്ന സബ്സിഡിയാണ് 300 ആയി ഉയർത്തിയതെന്ന് മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്ര വാർത്താവിതരണ, പ്രക്ഷേപണ മന്ത്രി അനുരാഗ് സിങ്ങ് ഠാക്കൂർ പറഞ്ഞു. മഞ്ഞൾ ഉപഭോഗവും, കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനായി ദേശീയ ടർമെറിക് ബോർഡ് രൂപീകരിക്കാനും മന്ത്രിസഭ തീരുമാനിച്ചു. തെലങ്കാനയിലെ കർഷകരുടെ ദീർഘകാല ആവശ്യം പരിഗണിച്ചാണ് തീരുമാനമെന്ന് കേന്ദ്ര സാംസ്കാരിക മന്ത്രി കിഷൻ റെഡ്ഡി പറഞ്ഞു. കൃഷ്ണാ നദീജല തർക്കത്തിൽ, തർക്കപരിഹാര കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾക്കും മന്ത്രിമസഭായോഗം അന്തിമരൂപം നൽകി. തെലങ്കാനയിൽ ഗോത്രവർഗ്ഗ സർവകാല രൂപീകരിക്കുന്നതിനായി കേന്ദ്ര സർവകലാശാലാ ചട്ടങ്ങൾ ഭേദഗതി ചെയ്യാനും കേന്ദ്രമന്ത്രിസഭ തീരുമാനിച്ചു.

**************************

## ഹെഡ് ലൈൻ-2

**മന്ത്രിസഭായോഗ തീരുമാനങ്ങൾ**

വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അന്തിമാനുമതി നൽകാത്ത കരാറുകൾ പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെടാൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. സംസ്ഥാനത്തിൻറെ വൈദ്യുതി ലഭ്യതയിൽ തടസ്സം ഉണ്ടാകാതിരിക്കാൻ പൊതുതാൽപര്യം മുൻനിർത്തിയാണ് ഇക്കാര്യം ആവശ്യപ്പെടുന്നത്. റീബിൽഡ് കേരള ഇനിഷ്യേറ്റിവിന് കീഴിൽ ഏറ്റെടുക്കുന്നതിന് വിവിധ വകുപ്പുകൾ സമർപ്പിച്ച പദ്ധതി രേഖകൾക്കും

മന്ത്രിസഭായോഗം അംഗീകാരം നൽകി. പാതാളം റെഗുലേറ്റർ കം ബ്രിഡ്ജ്, മാന്നാനം പാലം പുനഃർനിർമ്മാണം, തൃശൂർ-പൊന്നാനി കോൾ നിലങ്ങളിലെ അടിസ്ഥാന-സൗകര്യ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പദ്ധതി നിർദ്ദേശങ്ങൾക്കാണ് മന്ത്രിസഭ അംഗീകാരം നൽകിയത്. 2024 കലണ്ടർ വർഷത്തെ പൊതു അവധികളും മന്ത്രിസഭായോഗം അംഗീകരിച്ചു.

************************

## ഹെഡ് ലൈൻ-3

**കോഴിക്കോട് – അവലോകനയോഗം**

മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും നേതൃത്വത്തിൽ കോഴിക്കോട് നാളെ നടക്കുന്ന മേഖലാതല അവലോകനയോഗത്തിനുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായി. കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളുടെ അവലോകന യോഗമാണ് നാളെ നടക്കുന്നത്. നാല് മേഖലാ അവലോകന യോഗങ്ങളിൽ തിരുവനന്തപുരത്തും, തൃശൂരിലും, എറണാകുളത്തും വിളിച്ചു ചേർന്ന യോഗങ്ങൾ ഇതിനകം തന്നെ പൂർത്തിയായി ക്കഴിഞ്ഞു. ദേശീയപാത, മലയോര ഹൈവേ, തീരദേശ ഹൈവേ, വയനാട് തുരങ്കപാത, മാലിന്യമുക്തകേരളം, ഹരിതകേരളം മിഷൻ, ദാരിദ്ര്യനിർമാർജനം, ലൈഫ് മിഷൻ, സമഗ്ര വിദ്യാഭ്യാസ പുനരുജ്ജീവന പരിപാടി, ജൽജീവൻ മിഷൻ, ആർദ്രം മിഷൻ, ഇൻററർനാഷനൽ റിസർച്ച് സെൻറർ ഫോർ ആയുർവേദ, കോവളം-ബേക്കൽ ഉൾനാടൻ നാവിഗേഷൻ, നാല് ജില്ലകളുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ എന്നിവ യോഗത്തിൽ ചർച്ച ചെയ്യും.

*************************

## ഹെഡ് ലൈൻ-5

### ഏഷ്യൻ ഗെയിംസ്

ഹാൻചൗ ഏഷ്യൻ ഗെയിംസിൽ 18 സ്വർണ്ണം നേടി ഉജ്ജ്വല പ്രകടനവുമായി ഇന്ത്യ. ജാവലിൻ ത്രോയിൽ ഇന്ത്യയുടെ നീരജ് ചോപ്ര സ്വർണ്ണവും കിഷോർ കുമാർ വെള്ളിയും നേടി. അത് ലറ്റിക്സ് 4 X 400 മീറ്റർ റിലേയിൽ ഇന്ത്യൻ പുരുഷ ടീം സ്വർണ്ണം നേടി. അമ്പെയ്ത്ത് കോമ്പൗഡ് മിക്സ്ഡ് വിഭാഗത്തിലും ഇന്ത്യ ഇന്ന് സ്വർണ്ണം സ്വന്തമാക്കി. ബോക്സിങ്ങ് വനിതകളുടെ 75 കിലോ വിഭാഗത്തിൽ ലവ് ലിന ബർഗൊഹെയ്ൻ വെള്ളിമെഡൽ സ്വന്തമാക്കി. വനിതകളുടെ **800** മീറ്റർ ഓട്ടത്തിൽ ഹർമിലിയൻ ബ്രയിൻസും, പുരുഷന്മാരുടെ **5000** മീറ്ററിൽ അവിനാഷ് സാബ്ലെയും, **4** X 400 മീറ്റർ റിലേയിൽ ഇന്ത്യൻ വനിതാടീമും വെള്ളി മെഡൽ നേടി. 35 കിലോമീറ്റർ മിക്സ്ഡ് റിലേ നടത്തത്തിൽ രാം ബാബു-മഞ്ജു റാണി സഖ്യം വെങ്കലം സ്വന്തമാക്കി. ഗുസ്തി 87 കിലോഗ്രാം വിഭാഗത്തിൽ സുനിൽകുമാർ വെങ്കലം നേടി. സ്ക്വാഷ് മിക്സ്ഡ് ഡബിൾസിൽ അനഹത് സിങ്ങ്- അഭയ് സിങ്ങ് സഖ്യം വെങ്കലം നേടി. വനിതകളുടെ **54-57** കിലോഗ്രാം ബോക്സിങ്ങിൽ പർവീൺ ഹൂഡ വെങ്കലം സ്വന്തമാക്കി. ഹോക്കിയിൽ ദക്ഷിണ കൊറിയയെ പരാജയപ്പെടുത്തി ഇന്ത്യൻ പുരുഷ ടീം ഫൈനലിൽ പ്രവേശിച്ചു. ഏഷ്യൻ ഗെയിംസിൽ 18 സ്വർണവും, 31 വെള്ളിയും, 32 വെങ്കലവും ഉൾപ്പെടെ 81 മെഡലുകളുമായി നാലാം സ്ഥാനത്താണ് ഇന്ത്യ.

*************************

**നൊബേൽ സമ്മാനം കെമിസ്ട്രി**

രസതന്ത്രത്തിനുള്ള നൊബേൽ പുരസ്കാരം മൂന്ന് ശാസ്ത്രജ്ഞർ പങ്കിട്ടു. മവുംഗി ബവേൻഡി, ലൂയിസ് ബ്രൂസ്, അലെക്സേ എക്കിമോവ് എന്നിവർക്കാണ് പുരസ്കാരം. നാനോടെക്നോളജിയുമായി ബന്ധപ്പെട്ട ക്വാണ്ടം ഡോട്ട്സുകളുടെ കണ്ടുപിടിത്തമാണ് പുരസ്കാരം നേടിക്കൊടുത്തത്. എൽഇഡി-ലൈറ്റുകൾ, ടിവി സ്ക്രീൻ എന്നിവയിലും ക്യാൻസർ ചികിത്സാരംഗത്തുമാണ് ക്വാണ്ടം ഡോട്ട്സുകൾ പ്രധാനമായും ഉപയോഗിക്കുന്നത്.

************************

**സിക്കിം**

സിക്കിമിൽ, മേഘവിസ്ഫോടനത്തെ തുടർന്നുണ്ടായ മിന്നൽ പ്രളയത്തിൽ 23 സൈനികരെ കാണാതായി. ടീസ്റ്റാ നദിയിലുണ്ടായ മിന്നൽ പ്രളയം മംഗാൻ, ഗാംടോക്ക്, പാക്യോങ്ങ്, നാംചി ജില്ലകളിൽ കനത്ത നാശനഷ്ടമാണ് വരുത്തിയിരിക്കുന്നത്. പാലങ്ങളും വീടുകളും വാഹനങ്ങളും ഒലിച്ചു പോയി. മേഖലയിൽ രക്ഷാപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

************************

**സംസ്ഥാനം – പകർച്ചാവ്യാധികൾ**

സംസ്ഥാനത്ത് മഴ ശക്തമായി തുടരുന്ന സാഹചര്യത്തിൽ പകർച്ചവ്യാധികൾക്കെതിരെ അതീവ ശ്രദ്ധ വേണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. എല്ലാ ദുരിതാശ്വാസ ക്യാമ്പുകളും ആരോഗ്യ വകുപ്പിന്റെ നിർദേശങ്ങൾ കൃത്യമായി പാലിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു. ക്യാമ്പിലാർക്കെങ്കിലും പനിയോ മറ്റ് രോഗലക്ഷണങ്ങളോ ഉണ്ടെങ്കിൽ മറ്റുള്ളവരുമായി സമ്പർക്കത്തിൽ വരാതെ പാർപ്പിക്കണം. ജീവിതശൈലീ രോഗമുള്ളവർക്കും

മറ്റസുഖബാധിതർക്കും മരുന്ന് മുടങ്ങരുത്. കുട്ടികൾ, ഗർഭിണികൾ, കിടപ്പ് രോഗികൾ എന്നിവർക്ക് പ്രത്യേക കരുതൽ വേണം. എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ ഉറപ്പ് വരുത്തണം. ആരോഗ്യ പ്രവർത്തകർ ക്യാമ്പുകൾ സന്ദർശിച്ച് ആവശ്യമായവർക്ക് ചികിത്സ ഉറപ്പാക്കണമെന്നും മന്ത്രി നിർദേശം നൽകി.

*************************

**കനിവ് 108 -ആരോഗ്യമന്ത്രി**

കനിവ് 108 സേവനം ശക്തമാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പുതിയ മൊബൈൽ അപ്ലിക്കേഷൻ സജ്ജമാകുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇതോടെ 108 എന്ന നമ്പറിൽ ബന്ധപ്പെടാതെ മൊബൈലിൽ ഇൻസ്റ്റാൾ ചെയ്തിരിക്കുന്ന അപ്ലിക്കേഷൻ വഴി ആംബുലൻസ് സേവനം ലഭ്യമാക്കാൻ കഴിയും. സേവനം തേടുന്ന വ്യക്തിയുടെ മൊബൈൽ ഫോണിലെ ജിപിഎസ് സംവിധാനത്തിന്റെ സഹായത്തോടെ അത്യാഹിതം നടന്ന സ്ഥലത്തിന്റെ കൃത്യമായ വിവരം ആംബുലൻസിലേക്ക് കൈമാറാൻ സാധിക്കും.

*************************

**മോട്ടോർ സൈക്കിൾ റാലി**

ദേശീയോദ്ഗ്രഥനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യവുമായി സി ആർ പി എഫ് സംഘടിപ്പിക്കുന്ന വനിതാ ഉദ്യോഗസ്ഥരുടെ മോട്ടോർ സൈക്കിൾ റാലിക്ക് നാളെ തിരുവനന്തപുരം പള്ളിപ്പുറം സി ആർ പി എഫ് ക്യാമ്പിൽ സ്വീകരണം നൽകും. വനിതാ ഉദ്യോഗസ്ഥരെ കേന്ദ്ര സഹമന്ത്രി വി.മുരളീധരൻ അനുമോദിക്കും. രാഷ്ട്രീയ ഏകതാ ദിവസിന്റെ ഭാഗമായിയാണ് ഈ മാസം 05 മുതൽ 31 വരെ സി ആർ പി എഫിലെ വനിതാ ഉദ്യോഗസ്ഥരുടെ റാലി സംഘടിപ്പിക്കുന്നത്.

************************

**കരുവന്നൂർ ബാങ്ക് – ഹൈക്കോടതി**

കരിവന്നൂർ ബാങ്കിൽ നിന്ന് എടുത്ത വായ്പ തിരിച്ചടച്ചിട്ടും, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് പിടിച്ചെടുത്ത ആധാരം കോടതി ഇടപെട്ട് തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിൽ ബാങ്കിന് അപേക്ഷ സമർപ്പിക്കാൻ ഹൈക്കോടതി നിർദേശിച്ചു. ഇഡി പിടിച്ചെടുത്ത ആധാരം തിരികെ നൽകാൻ ഇടപെടണമെന്ന് ആവശ്യപ്പെട്ട്തൃശ്ശൂർ സ്വദേശി സമർപ്പിച്ച ഹർജിയിലാണ് ഹൈക്കോടതി നിർദേശം. ഇക്കാര്യത്തിൽ ഇ ഡി മൂന്നാഴ്ചയ്ക്കകം തീരുമാനമെടുക്കണമെന്നും ഹൈക്കോടതി നിർദ്ദേശിച്ചു.

************************

**പന്നിക്കെണി – ഷോക്കേറ്റ് മരിച്ചു**

പാലക്കാട് പന്നിക്കെണിയിൽ നിന്നും ഷോക്കേറ്റ് വീട്ടമ്മ മരിച്ചു. വണ്ടാഴി കരൂർ പുത്തൻപുരയ്ക്കൽ ഗ്രേസി ആണ് മരിച്ചത്. രാവിലെ വീടിനോട് ചേർന്നുള്ള കൃഷിയിടത്തിൽ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു.

************************

**ഇടുക്കി – പുലി സാന്നിദ്ധ്യം**

ഇടുക്കി ഏലപ്പാറ പുതുവൽ ഭാഗത്ത് ജനവാസ മേഖലയിൽ പുലിയുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ച പ്രദേശത്ത് കൂട് സ്ഥാപിക്കാനൊരുങ്ങി വനം വകുപ്പ്. വനം വകുപ്പ് സ്ഥാപിച്ച ക്യാമറയിൽ കഴിഞ്ഞ ദിവസം പുലിയുടെ ദൃശ്യങ്ങൾ പതിഞ്ഞിരുന്നു. മേഖലയിലെ നിലവിലുള്ള സാഹചര്യം വിവരിച്ച് ഉന്നത വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് റിപ്പോർട്ട് നൽകിയതായി എരുമേലി ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർ പറഞ്ഞു.

************************

**മഴ – സംസ്ഥാനം**

തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. രണ്ട് ജില്ലകളിലും ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. തിരുവനന്തപുരത്ത് കഴിഞ്ഞ ദിവസങ്ങളിലുണ്ടായ അതിശക്തമായ മഴയ്ക്ക് ഇന്ന് നേരിയ ശമനമുണ്ടായി. എന്നാൽ ജില്ലയിലെ എല്ലാ ബീച്ചുകളിലേക്കുമുള്ള പ്രവേശനം ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ നിരോധിച്ചതായി കളക്ടർ അറിയിച്ചു. കേരള ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് പോകരുതെന്നാണ് മുന്നറിയിപ്പ്.

************************

**നെയ്യാർ നദി – ജാഗ്രത**

തിരുവനന്തപുരം നെയ്യാർ നദിയിലെ അരുവിപ്പുറം സ്റ്റേഷനിൽ നിലവിലെ ജലനിരപ്പ് അപകട നിരപ്പിനേക്കാൾ കൂടുതലായതിനാൽ കേന്ദ്ര ജല കമ്മീഷൻ ഓറഞ്ച് ജാഗ്രതയും നൽകി. കരമനയാറിലെ വെള്ളൈകടവ് സ്റ്റേഷനിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കേണ്ടതാണ്.

************************

## ഹെഡ് ലൈൻ-6

**ലോകകപ്പ് ക്രിക്കറ്റ്**

ഐസിസി ഏകദിന ലോകകപ്പ് ക്രിക്കറ്റ് മത്സരങ്ങൾക്ക് നാളെ തുടക്കം. അഹമ്മദാബാദിൽ നടക്കുന്ന ഉദ്ഘാടന മത്സരത്തിൽ ഇംഗ്ലണ്ട് ന്യൂസിലൻഡിനെ നേരിടും. ഉച്ചയ്ക്ക് രണ്ട് മണിയ്ക്കാണ് മത്സരം ആരംഭിക്കുന്നത്. ഇന്ത്യയുടെ ആദ്യമത്സരം ഞായറാഴ്ച ഓസ്ട്രേലിയയ്ക്കെതിരെ ചെന്നൈയിൽ നടക്കും. ഒന്നരമാസം നീളുന്ന ലോകകപ്പ്

ക്രിക്കറ്റ് മത്സരങ്ങൾ ഇന്ത്യയിലെ 10 നഗരങ്ങളിലായാണ് സംഘടിപ്പിച്ചിരിക്കുന്നത്.

************************

**ഇരട്ട ജീവപര്യന്തം**

വാൽപ്പാറയിൽ പ്ലസ്ടു വിദ്യാർഥിനിയെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസിൽ പ്രതിക്ക് ഇരട്ടജീവപര്യന്തം. കൊച്ചിയിലെ സ്കൂളിൽ വിദ്യാർഥിനിയായിരുന്ന 17-കാരിയെ കൊലപ്പെടുത്തിയ കേസിലാണ് പ്രതി നെട്ടൂർ സ്വദേശി സഫർഷായെ എറണാകുളം പോക്സോ കോടതി ശിക്ഷിച്ചത്. രണ്ടരലക്ഷം രൂപ പിഴയും കോടതി വിധിച്ചിട്ടുണ്ട്.

************************

**ഓഹരിവിപണി**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 286 പോയിൻറ് കുറഞ്ഞ് 65,226 ലും ദേശിയ ഓഹരി സൂചിക നിഫ്റ്റി 93 പോയിൻറ് നഷ്ടത്തിൽ 19,436 ലും വ്യാപാരം പൂർത്തിയാക്കി. സ്വർണ വിലയിൽ നേരിയ കുറവ്. ഗ്രാമിന് ഒരു രൂപ കുറഞ്ഞ് 5,259 രൂപയും പവന് എട്ട് രൂപ കുറഞ്ഞ് 42,072 രൂപയുമാണ് ഇന്നത്തെ വില.

************************

**കായികതാരങ്ങൾക്ക് പാരിതോഷികം**

2018 ജക്കാർത്ത് ഏഷ്യൻ ഗെയിംസിൽ മിക്സഡ് റിലേ സ്വർണമെഡൽ നേടിയ മുഹമ്മദ് അനസിന് അധികമായി അഞ്ച് ലക്ഷം രൂപയും, ഹർഡിസിൽ വെങ്കല മെഡൽ നേടിയ അനു. ആർ ന് പത്ത് ലക്ഷം രൂപയും അനുവദിക്കാൻ മന്ത്രിസഭ തീരുമാനിച്ചു. ഈ ഇനങ്ങളിൽ ആദ്യം മെഡൽ നേടിയ താരങ്ങൾ ഉത്തേജകമരുന്ന് പരിശോധനയിൽ അയോഗ്യരായതിനെ തുടർന്നാണ് ഇവരുടെ മെഡൽ തൊട്ടടുത്ത സ്ഥാനത്തേക്ക് ഉയർന്നത്.

*************************

**സന്തോഷ് ട്രോഫി**

ഗോവയിൽ നടക്കുന്ന സന്തോഷ് ട്രോഫി പ്രാഥമിക റൗണ്ട് മത്സരങ്ങൾക്കുള്ള 22 അംഗ കേരള ടീമിനെ പ്രഖ്യാപിച്ചു. നിജോ ഗിൽബർട്ട് നായകനും ജി.സഞ്ജു ഉപനായകനുമാണ്. സതീവൻ ബാലനാണ് മുഖ്യ പരിശീലകൻ. ഈ മാസം 11 ന് ഗുജറാത്തുമായാണ് കേരളത്തിന്റെ ആദ്യമത്സരം.

*************************

*****************

**********